29-10-2026

Adjournment Motion

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ.... റൂൾ 50. പ്രവാസി മലയാളികൾക്ക് നോർക്ക വഴിയും പ്രവാസി ക്ഷേമ ബോർഡ്വഴിയും നൽകിവരുന്ന പല ആനുകൂല്യങ്ങളും മുടങ്ങിയതും ഇൻഷ്വറൻസ് തുക താങ്ങാനാകാത്തവിധം വർധിപ്പിച്ചതും പ്രവാസികളുടെ പ്രശ്നങ്ങൾ സർക്കാരിനെ അറിയിക്കാനുള്ള ഔദ്യോഗിക വേദിയായ ലോക കേരളസഭ പിരിച്ചുവിട്ടതിലും പ്രവാസി സമൂഹത്തിന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ. കെ. കെ. വത്സരാജ്, എ. സി. മൊയ്തീൻ, ശ്രീ. പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, പ്രവാസി ക്ഷേമ ബോർഡ്വഴി നൽകുന്ന ആനുകൂല്യങ്ങൾ 2026-2027-ൽമാത്രം 163 കോടി രൂപ നൽകിയിട്ടുണ്ട്. അതുകൂടാതെ പെൻഷനായി 102 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. ഗവൺമെന്റ്തന്നെ 32 കോടി രൂപ ഈ അഞ്ച്

മാസത്തിനുള്ളിൽ നൽകിയിട്ടുണ്ട്. ഇതിന്റെ പ്രധാനപ്പെട്ട പ്രശ്നമെന്ന് പറയുന്നത് 2020-21-ൽ പ്രവാസി ക്ഷേമ ബോർഡിലെ അംഗങ്ങളെന്ന് പറയുന്നത് 17771 പേർ മാത്രമാണ്. ഇപ്പോൾ അത് 100495 പേരാണ്. ഏകദേശം അഞ്ചര ഇരട്ടിയായി അത് വർധിച്ചു. പക്ഷേ, വരുമാനം വർധിക്കുന്നില്ല. ഉദാഹരണമായി ഒരു മാസത്തെ ശരാശരി വരവ് 16.7 കോടി രൂപയാണ്. ഒരു മാസത്തെ ചെലവ് 35 കോടി രൂപയാണ്. ഗവൺമെന്റ് തുക നൽകിയാൽ മാത്രമാണ് പെൻഷൻ മുടങ്ങാതെ കൊടുക്കാൻ സാധിക്കുന്നത്. വരുമാനം ലഭിക്കുന്നില്ല എന്നതാണ് പെൻഷനുമായി ബന്ധപ്പെട്ട ഒരു വിഷയം. ഇൻഷ്വറൻസ് പദ്ധതി തയ്യാറാക്കിയപ്പോഴുള്ള ഒരു സ്കീച്ചറൽ മിസ്റ്റേക്കുണ്ടായിരുന്നു. ആകെ അഞ്ച് ലക്ഷം രൂപയുടെ കവറേജ് മാത്രമാണ് നേരത്തെയുണ്ടായിരുന്നത്. ആ പ്രീമിയം തുകയിൽ നിലവിലെ രോഗങ്ങളും പരിഗണിച്ചിരുന്നു. സാധാരണയായി ഇൻഷ്വറൻസിൽ നിലവിൽ രോഗമുള്ള വ്യക്തയെ ഉൾപ്പെടുത്താറില്ല. ഒരു കാൻസർ രോഗിയെ ഇൻഷ്വറൻസ് കവറേജിൽ ഉൾപ്പെടുത്തില്ല. എന്നാൽ ഇവിടെ നിലവിൽ രോഗമുള്ള വ്യക്തികളെയും പരിഗണിച്ചിരുന്നു. അപ്പോൾ വലിയ തുക ക്ലെയിം നൽകേണ്ടിവന്നു. നോർക്ക കെയറിൽ ശേഖരിച്ച തുക 145

കോടി രൂപയാണ്. പക്ഷേ, ക്ലെയിം നൽകേണ്ടിവന്നത് 210 കോടി രൂപയാണ്. എൻറോൾ ചെയ്തത് ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരം പേരാണ്. ഇതിൽ 80 ശതമാനം ക്ലെയിം വന്നിട്ടുള്ളത് കാൻസർ പോലുള്ള ചികിത്സകൾക്കാണ്. അതുതന്നെ 40-നും 70-നും ഇടയിൽ പ്രായമുള്ളവരാണ്. ഇതുമാത്രം 120 കോടി രൂപയാണ്. ഇൻഷ്വറൻസ് കമ്പനിക്ക് 160 ശതമാനം നോർക്ക കെയറിലും 350 ശതമാനം നോർക്ക കെയർ പ്ലസിലും നഷ്ടം സംഭവിച്ചുവെന്നതാണ് പ്രശ്നം. പ്രീമിയമായി നിശ്ചയിച്ചതും മുൻകാല രോഗാവസ്ഥയ്ക്ക് ക്ലെയിം അനുവദിക്കുകയുംചെയ്ത സാഹചര്യത്തിൽ ഈ തുക ചെറുതായതിനാൽ സമാഹരിച്ച തുകയുടെ 150 ശതമാനം അധികമായി കമ്പനിക്ക് ക്ലെയിം നൽകേണ്ടിവന്നു. ഇക്കാരണത്താൽ ഇത്തവണ ഇൻഷ്വറൻസ് പുതുക്കാനുള്ള ക്വട്ടേഷൻ നൽകാൻ കമ്പനികൾ തയ്യാറായില്ല. കാരണം 150-ഉം 200-ഉം 300-ഉം ശതമാനം ക്ലെയിം, അവർക്ക് ലഭിക്കുന്ന പ്രീമിയത്തെക്കാൾ കൂടുതൽ തുക നൽകേണ്ടിവരികയും ചെയ്താൽ കമ്പനികൾ വരില്ല. കഴിഞ്ഞ വർഷം ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയായിരുന്നു നൽകിയത്. ക്വട്ടേഷൻ വിളിച്ചപ്പോൾ 300 കോടി രൂപ മുൻകൂറായി നൽകണമെന്നാണ് അവർ ഇത്തവണ

ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. അതിനാൽ അവരെ ഗവൺമെന്റ് പരിഗണിച്ചില്ല. ഇപ്പോൾ ഈ പദ്ധതിയുടെ ഭാഗമായി 3 ലക്ഷം രൂപ മുതൽ 100 ലക്ഷം രൂപവരെ വിവിധ സ്ലാബുകൾ ഏർപ്പെടുത്തി. കൂടാതെ 18 വയസ്സുമുതൽ 110 വയസ്സുവരെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനാണ് നാഷണൽ ഇൻഷ്വറൻസ് കമ്പനി ക്വട്ടേഷൻ നൽകിയിട്ടുള്ളത്. നിലവിൽ 60 വയസ്സ് കഴിഞ്ഞവർക്ക് മാർക്കറ്റിൽ പോളിസിതന്നെ ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. 60 വയസ്സ് കഴിഞ്ഞവർക്ക് പോളിസി നൽകാൻ ഇൻഷ്വറൻസ് കമ്പനികൾ തയ്യാറാകാത്ത സാഹചര്യത്തിലും തിരികെവരുന്ന പ്രവാസികൾക്കുകൂടി സംരക്ഷണം നൽകാൻവേണ്ടി, 18 വയസ്സ് മുതൽ 110 വയസ്സുവരെ ഇൻഷ്വറൻസ് നൽകാനുള്ള പുതിയൊരു സ്കീമാണ്. അതുകൊണ്ടാണ് പ്രീമിയം വർധിപ്പിച്ചത്. പ്രീമിയം വർധിപ്പിച്ചില്ലെങ്കിൽ ഒരു ഇൻഷ്വറൻസ് കമ്പനിയും വരില്ല. അപ്പോൾ ആ ഇൻഷ്വറൻസ് സ്കീംതന്നെ ഇല്ലാതാകും. അതാണ് സംഭവിച്ചിരിക്കുന്നത്. ലോക കേരളസഭ പിരിച്ചുവിട്ടൊരു കാര്യം പറഞ്ഞു. അത് എന്തിനാണ് രൂപീകരിച്ചത്, അതിന്റെ പർപ്പസ് സെർവ് ചെയ്യുന്നില്ല. അതുകൊണ്ടാണ് അത് പിരിച്ചുവിട്ടത്. ഞങ്ങളതിനെ നേരത്തെ എതിർത്തിരുന്നു. അതിൽ ശിപാർശ

ചെയ്യുന്ന കാര്യങ്ങളൊന്നും നടപ്പാക്കാത്ത സാഹചര്യമാണുണ്ടായിരുന്നത്. ഞങ്ങളതിനെ ശക്തിയായി എതിർത്തിരുന്നു. ലോക കേരള സഭ പിരിച്ചുവിട്ടെങ്കിലും അതിനുപകരമായി ഫലപ്രദമായ നല്ലൊരു സംവിധാനം നിലവിൽവരും. അതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അത് ഉടൻതന്നെ പ്രഖ്യാപിക്കും. ഇക്കാരണത്താൽ ഇത് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ. കെ. വത്സരാജ്</u>: സർ, ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചതിൽനിന്നുതന്നെ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യത്തെ കൂടുതൽ അർഥവത്താക്കുകയാണ്. പ്രവാസി മലയാളികൾക്ക് നോർക്കവഴിയും അതുപോലെ പ്രവാസി ക്ഷേമ ബോർഡ്വഴിയും നൽകിവന്നിരുന്ന പല ആനുകൂല്യങ്ങളും മുടങ്ങുകയും ഇൻഷ്വറൻസ് തുക വർധിപ്പിച്ച് പ്രവാസികളുടെ സാമ്പത്തികമായ ആവശ്യം വർധിപ്പിക്കുന്ന സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. ലോക കേരള സഭ പിരിച്ചുവിട്ടതിനെക്കുറിച്ച് അദ്ദേഹം ഇവിടെ പറയുകയുണ്ടായി.

അതിനുപകരം ഒരു സംവിധാനം ഇതുവരെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രഖ്യാപിച്ചതായി കേൾക്കാൻ കഴിഞ്ഞിട്ടില്ല. ഈ ലോക കേരള സഭ പ്രവാസി സമൂഹത്തിന് അവരുടെ ആശങ്കകൾ അറിയിക്കാനുള്ള ഒരു വേദിയായിരുന്നു. ആ വേദി ഇല്ലാതായിരിക്കുന്ന സാഹചര്യം കൂടിയാണുള്ളത്. അതുകൊണ്ടാണ് ഇത്തരം വിഷയം വളരെ അടിയന്തരമായി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം ഞാനിവിടെ ഉന്നയിക്കുന്നത്.

2023-ലെ കേരള മൈഗ്രേഷൻ സർവെപ്രകാരം 22 ലക്ഷം മലയാളികളാണ് വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്നത്. ഇതിൽ ബഹുഭൂരിപക്ഷം ആളുകളും നാമമാത്ര വരുമാനമുള്ളവരാണ്. വളരെകുറച്ച് വ്യക്തികൾക്ക് മാത്രമാണ് വലിയതോതിലുള്ള വരുമാനമുള്ളത്. 2025-ലെ റിസർവ് ബാങ്കിന്റെ കണക്കുപ്രകാരം കേരളത്തിലെ പ്രവാസി നിക്ഷേപം 3 ലക്ഷം കോടി രൂപ കവിഞ്ഞിരിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ ഈ വരുമാനം വലിയതോതിൽ പ്രയോജനപ്പെടുന്നുണ്ടെന്നകാര്യം നമുക്കേവർക്കും അറിയാവുന്നതാണ്.

അതുപോലെ, ഇത്തരം സാഹചര്യത്തിൽ പ്രവാസി സമൂഹത്തെ ചേർത്തുപിടിക്കേണ്ട ഉത്തരവാദിത്വം നമ്മുടെ സമൂഹത്തിനും സർക്കാരിനുമുണ്ട്. ഈ കടമ ഏറ്റെടുത്തുകൊണ്ടാണ് പ്രവാസികൾക്കായി നോർക്ക വകുപ്പ് രൂപീകരിക്കപ്പെട്ടത്. അതിൽ നിരവധി പദ്ധതികളുണ്ട്. പ്രവാസി പെൻഷൻ പദ്ധതി, ചികിത്സാ ധനസഹായ പദ്ധതി, പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങിയെത്തിയ സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്ന കുടുംബങ്ങൾക്കുള്ള സാന്ത്വന പദ്ധതി, നാട്ടിൽ തിരിച്ചെത്തിയവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രവാസി ഭദ്രത പദ്ധതി എന്നിങ്ങനെയുള്ള പദ്ധതികൾ സംസ്ഥാനത്ത് നോർക്കവഴി നടപ്പാക്കപ്പെടുന്നുണ്ട്. 2016-ൽ 25.39 കോടി രൂപയായിരുന്ന നോർക്കയുടെ ബജറ്റ് വിഹിതം. 2025-26-ൽ അന്നത്തെ സർക്കാർ അത് 150.81 കോടി രൂപയായി വർധിപ്പിച്ചു. ലോക കേരള സഭ നാല് സമ്മേളനങ്ങൾ വിജയകരമായി നടത്തുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി സമൂഹവുമായി കാര്യമായ ആശയ വിനിമയങ്ങളൊന്നും നടത്താതെയാണ് ലോക കേരള സഭ

പിരിച്ചുവിടൽ നടപടിയുണ്ടായത്. അതിനുപകരമായി ഒരു സംവിധാനം ഇതുവരെ പ്രഖ്യാപിക്കപ്പെടുകയും ചെയ്തിട്ടില്ല. ഇത്തരം ഒരു സാഹചര്യത്തിൽ, ഈ സർക്കാർ വന്നതിനുശേഷം മൂന്ന് മാസത്തെ പ്രവാസി പെൻഷൻ കുടിശ്ശികയായിട്ടുണ്ടെന്ന് നമുക്കറിയാം. പ്രവാസി ക്ഷേമനിധി പദ്ധതിയിൽ ഒൻപതര ലക്ഷത്തിലധികം ആളുകൾ, ഏറ്റവും അവസാനത്തെ കണക്ക് നേരത്തെ പറഞ്ഞിരുന്നു. അത് 10 ലക്ഷം ആളുകൾ അധികംവരുന്ന രീതിയിലേക്ക് വർധിച്ചിട്ടുണ്ട്. അതിൽ 97908 പേർക്കാണ് പെൻഷൻ നൽകുന്നത്. പ്രവാസി ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ അംഗങ്ങൾക്ക് ഇപ്പോൾ വലിയ ഇരുട്ടടിയാണുണ്ടായിട്ടുള്ളത്. പശ്ചിമേഷ്യൻ യുദ്ധവും ഗൾഫ് മേഖലയിലെ ചില രാജ്യങ്ങളിൽ പ്രാദേശികവാസികൾക്ക് ജോലിയിൽ റിസർവേഷൻ നൽകിയതും നിരവധി ആളുകളുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. ഇത് അവരുടെ വരുമാനത്തിലും വലിയ പ്രയാസമുണ്ടാക്കിയെന്നുള്ളത് നമുക്കേവർക്കും അറിയാവുന്നതാണ്. ക്ഷേമനിധിയിൽ അംഗങ്ങളായ വ്യക്തികൾ 60 വയസ്സ് പൂർത്തിയാകുന്നതുവരെ പ്രതിവർഷ അംശാദായം

അടയ്ക്കേണ്ടതുണ്ട്. എന്നാൽ യുദ്ധവും തൊഴിൽ നഷ്ടപ്പെടുന്നതുമായ സാഹചര്യങ്ങളിൽ പ്രീമിയം അടയ്ക്കുന്നകാര്യത്തിൽ വീഴ്ചവരുന്നുണ്ട്. അങ്ങനെ വീഴ്ചവരുമ്പോൾ സ്വാഭാവികമായും അവർക്കൊരു അവസരം നൽകുന്ന കാര്യമാണ് ആലോചിക്കപ്പെടേണ്ടത്. എന്നാൽ, അങ്ങനെ ആലോചിക്കാതെ അവരെ ക്ഷേമനിധിയിൽനിന്ന് നിർദാക്ഷിണ്യം ഒഴിവാക്കുന്ന രീതിയാണ് ഇപ്പോൾ കണ്ടുവരുന്നത്. അത് ക്ഷേമനിധിയിൽ അംഗങ്ങളായ പ്രവാസികളായ വ്യക്തികളെ വലിയതോതിൽ പ്രയാസപ്പെടുത്തുന്ന ഒന്നായി മാറുന്നുണ്ട്. അതിനെക്കാൾ ഭീകരമാണ് പ്രവാസി ഇൻഷ്വറൻസ് തുകയിൽവന്ന വർധനവ്. 'നോർക്ക കെയർ' പദ്ധതിയിൽ മുമ്പ് ഒരു കുടുംബത്തിന് അഞ്ച് ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം പോളിസിക്ക് 13,411/- രൂപയായിരുന്നത് ഒറ്റയടിക്ക് 21,964/- രൂപയായി ഉയർത്തുകയുണ്ടായി. 51 മുതൽ 60 വയസ്സുവരെയുള്ള വിഭാഗത്തിന് 35,664/- രൂപയും 61 മുതൽ 71 വയസ്സുവരെയുള്ള വിഭാഗത്തിന് 44,718/- രൂപയും 71 മുതൽ 80 വയസ്സുവരെയുള്ള വിഭാഗത്തിന് 77,773/- രൂപയുമാണ് പുതിയനിരക്ക്. ഇത് പ്രവാസികളെ സംബന്ധിച്ച് താങ്ങാനാകാത്ത

ബാധ്യതയാണെന്ന് നമുക്കറിയാം. പൊതുമേഖല സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ ഇതിലും കുറഞ്ഞ നിരക്കാണ് വാങ്ങുന്നതെന്നകാര്യംകൂടി നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. നോർക്ക ഓഫീസിൽ ചികിത്സാ സഹായം, ഇൻഷ്വറൻസ്, പെൻഷൻ തുടങ്ങിയ ആവശ്യങ്ങൾക്കായി പ്രവാസികൾ നൽകിയിട്ടുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യക്തമായ നയരൂപീകരണമില്ലാത്തതിനാൽ ഇതൊന്നും പ്രോസസ്സ് ചെയ്തിട്ടില്ലെന്നാണ് അറിയാൻ കഴിയുന്നത്. തിരികെ വരുന്നവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായംചെയ്യുന്ന നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) പദ്ധതിയും സ്തംഭനാവസ്ഥയിലാണ്. വിവിധ പ്രവാസി സംഘടനകൾ ഈ വിഷയങ്ങളുന്നയിച്ച് മെമ്മോറാണ്ടം നൽകുകയും സമരരംഗത്ത് വരികയും ചെയ്യുകയുണ്ടായി. സർക്കാരിന് നിവേദനം ലഭ്യമായിട്ടുള്ളതാണ്. പക്ഷേ കാര്യമായ ഒരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. ബഹ്റൈൻ സന്ദർശനത്തിന്പോയ ബഹുമാന്യയായ ഡെപ്യൂട്ടി സ്പീക്കർക്ക്

Adjournment Motion

കെ.എം.സി.സി., ബഹ്റൈൻ-ന്റെ പ്രസിഡന്റും ജനറൽ സെക്രട്ടറിയും ഉൾപ്പെടെയുള്ളവർ ഇത്തരം പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് നിവേദനം നൽകിയ വാർത്ത ഇതിനോടകം നമ്മുടെ മാധ്യമങ്ങളിൽ വന്നിട്ടുണ്ട്. കേരള പ്രവാസി സംഘവും കഴിഞ്ഞ ആഴ്ചയിൽ ഈ വിഷയം ഉന്നയിച്ചുകൊണ്ട് സെക്രട്ടറിയേറ്റിന് മുമ്പിൽ ധർണ്ണ നടത്തുകയുണ്ടായി. ഇന്ന് കേരള പ്രവാസി ഫെഡറേഷൻ നിയമസഭാ മാർച്ച് സംഘടിപ്പിക്കുന്നുണ്ട്. അവരുടെ വിഷയം അത്രയും പ്രയാസകരവും പ്രധാനപ്പെട്ടതുമാണ് എന്നുള്ളതുകൊണ്ടാണ് ഇത്തരം സംഘടനകൾ ഈ ആവശ്യമുന്നയിച്ച് രംഗത്ത് വരുന്നതെന്നകാര്യം നമുക്ക് മനസ്സിലാക്കാൻ കഴിയും. ഭീമമായ ഇൻഷ്വറൻസ് പ്രീമിയം വർധനവ് ഉടൻ പിൻവലിക്കപ്പെടേണ്ടതുണ്ട്. പെൻഷൻ കുടിശ്ശിക തീർത്ത് അടയ്ക്കേണ്ടതുണ്ട്. അതുപോലെ മുടങ്ങിക്കിടക്കുന്ന ക്ഷേമ പദ്ധതികൾ നടപ്പാക്കി മുന്നോട്ട് കൊണ്ടുപോകാനാവശ്യമായ നടപടികളും സ്വീകരിക്കപ്പെടണം. ഗൾഫ് മേഖലയിൽനിന്ന് കേരളത്തിലേക്കും തിരിച്ചുമുള്ള വിമാന ടിക്കറ്റിന്റെ അനിയന്ത്രിതമായ നിരക്കുവർധന തടയാൻ കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയം അടിയന്തരമായി ഇടപെടണമെന്ന

ആവശ്യം നിരവധിതവണ ഉന്നയിക്കപ്പെട്ടിട്ടും അധികൃതരുടെ ഭാഗത്തുനിന്നും യാതൊരു നടപടിയുമുണ്ടാകാത്തത് പ്രവാസികളോട്കാട്ടുന്ന കടുത്ത അവഗണനയാണ്. ടിക്കറ്റ് നിരക്ക് സാധാരണ നിരക്കിൽനിന്നും അഞ്ചിരട്ടിയോളം വർധിപ്പിച്ച് ഒന്നര ലക്ഷം രൂപവരെ ഉയർത്തി വിമാന കമ്പനികൾ കൊള്ളലാഭം കൊയ്യുമ്പോൾ തൊട്ടടുത്ത സംസ്ഥാനങ്ങളിലെ വിമാനത്താവളങ്ങളെ അപേക്ഷിച്ച് കേരളത്തിലെ യാത്രക്കാർക്ക് മാത്രമായി നേരിടേണ്ടിവരുന്ന ഈ വലിയ വിവേചനം ചൂണ്ടിക്കാണിച്ചിട്ടും കേന്ദ്ര സർക്കാരോ മന്ത്രാലയമോ ചെറുവിരൽ അനക്കാൻ തയ്യാറായിട്ടില്ലെന്നുള്ളതാണ് വാസ്തവം. പശ്ചിമേഷ്യയിൽ യുദ്ധഭീതി പടരുന്നു. ഗൾഫ് മേഖലയിലാകെ മലയാളികളുൾപ്പെടെയുള്ള പ്രവാസികൾ കടുത്ത ജീവഭയത്താലും അനിശ്ചിതത്വത്തിലും കഴിയുന്ന ഗുരുതര സാഹചര്യത്തിൽ കേരള സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന കുറ്റകരമായ അനാസ്ഥയും കണ്ണിൽ ചോരയില്ലാത്ത നടപടികളും അത്യന്തം പ്രതിഷേധാർഹമാണ്. പ്രവാസികളെ ബാധിക്കുന്ന ഈ വിഷയങ്ങൾ തീർച്ചയായും ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം ഞാൻ

സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ഉന്നയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങളുടെ എണ്ണം അഞ്ചുവർഷംകൊണ്ട് അഞ്ചിരിട്ടിയായി വർധിക്കുകയും പെൻഷൻ നൽകുന്നതിനുള്ള തുക വർധിക്കുകയുംചെയ്തു. 35 കോടി രൂപ പെൻഷൻ നൽകാൻ ആവശ്യമുണ്ടെങ്കിലും പ്രതിമാസം 16.7 കോടി രൂപയാണ് ലഭിക്കുന്നത്. അത്രയും തുക ഗവൺമെന്റ് നൽകേണ്ടിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ മൂന്നുമാസത്തെ പെൻഷൻ നൽകുന്നതിനായി 32 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇനി 3 മാസത്തെ കുടിശ്ശികയുണ്ട്, അത് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

പ്രവാസി ക്ഷേമനിധിയിലേക്ക് പിരിഞ്ഞുകിട്ടേണ്ടത് 700 കോടി രൂപയാണ്. എനിക്ക് പ്രവാസി സംഘടനകളോട് പറയാനുള്ളത്, എല്ലാവരും ഞങ്ങളുമായി അടുപ്പമുള്ളവരായതിനാൽ അവർകൂടി ഇക്കാര്യത്തിൽ മുൻകൈയെടുക്കണം. പ്രവാസി ക്ഷേമനിധിയിൽ

അംഗങ്ങളായിരിക്കുന്ന വ്യക്തികൾ പണം അടയ്ക്കണം. 700 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ടി തുക ഞങ്ങൾ അധികാരത്തിൽ വന്നശേഷം പിരിഞ്ഞുകിട്ടാനുള്ളതല്ല; മുൻ സർക്കാരിന്റെ കാലംമുതൽ പിരിഞ്ഞുകിട്ടാനുള്ള തുകയാണ്, അത് 700 കോടി രൂപയിലധികംവരും. അത് ലഭിച്ചുകൊണ്ടിരുന്ന സമയത്താണ് കൃത്യമായി പെൻഷനും മറ്റ് കാര്യങ്ങളും നൽകിക്കൊണ്ടിരുന്നത്. ആദ്യകാലത്ത് ലഭ്യമായിക്കൊണ്ടിരുന്ന പണത്തേക്കാൾ കുറവായിരുന്ന സംസ്ഥാനത്തിന്റെ എക്സ്പെൻഡിച്ചർ. അതായത് വരുമാനം കൂടുതലും ചെലവ് കുറവുമായിരുന്നു. ഇപ്പോൾ ക്ഷേമനിധിയിലെ അംഗങ്ങളുടെ എണ്ണം വർധിച്ചപ്പോൾ, ഈ ആറുമാസത്തിനുള്ളിൽ 163 കോടി രൂപയുടെ ആനുകൂല്യങ്ങൾ കേരള പ്രവാസി ക്ഷേമ ബോർഡ് നൽകി. തുടർന്ന് മൂന്നുമാസത്തെ പെൻഷൻ എന്നത് ഏകദേശം 105 കോടി രൂപയോളം വരും. അതിന് പണം തികയാതെവന്നപ്പോൾ 32 കോടി രൂപ സംസ്ഥാന സർക്കാർ കൊടുത്തു. ഇനി ബാക്കിയുള്ള മൂന്ന് മാസത്തെ പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അപ്പോഴും

പ്രവാസി ക്ഷേമനിധി പെൻഷൻ നൽകുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ പണം നൽകേണ്ടിവരും.

മുൻ സർക്കാരിന്റെ കാലം മുതൽ 18 മാസമായി കെട്ടിടനിർമാണ തൊഴിലാളി ക്ഷേമപെൻഷൻ മുടങ്ങിക്കിടക്കുകയാണ്. പെൻഷനും ആനുകൂല്യങ്ങളും കൊടുക്കാൻ കഴിയാതെ കഴിഞ്ഞ ഗവൺമെന്റിന്റെകാലത്ത് ഏഴോ എട്ടോ ക്ഷേമനിധികൾ പൂർണ്ണമായും തകർന്നു. ഏറ്റവും പാവപ്പെട്ടവരാണ് കെട്ടിടനിർമാണ തൊഴിലാളികൾ. ഞങ്ങൾ അടച്ച പണമെങ്കിലും തിരികെ നൽകാനാണ് അവർ പറയുന്നത്. ഒരു ആനുകൂല്യവും ഒരു പെൻഷനും നൽകുന്നില്ല. കഴിഞ്ഞ സർക്കാരിന്റെകാലത്ത് ഏഴെട്ട് ക്ഷേമനിധി ബോർഡുകൾ പൂർണ്ണമായ തകർച്ചയിലായി. പലതും വലിയ പ്രതിസന്ധിയിലാണ് നിൽക്കുന്നത്. പ്രവാസി ക്ഷേമനിധി ബോർഡ് അങ്ങനെയാകാതെയിരിക്കാൻ സർക്കാർ പരമാവധി ശ്രമം നടത്തുകയാണ്. പക്ഷേ ക്ഷേമനിധിയിലേക്കുള്ള കോൺട്രിബ്യൂഷൻ ലഭ്യമാകണം. 700 കോടി രൂപ കിട്ടാനുള്ളപ്പോൾ ഈ മൂന്ന് മാസത്തെ പെൻഷൻ മാത്രമെ മുടങ്ങിയിട്ടുള്ളൂ. അതിനാൽ ആ മൂന്ന് മാസത്തെ പെൻഷൻകൂടി നൽകാനുള്ള

നടപടികൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ഇൻഷ്വറൻസിന്റെ കാര്യം ഞാൻ പറഞ്ഞു. ഇൻഷ്വറൻസ് സ്കീമിന്റെ എത്ര ഇരട്ടിയാണ് ക്ലെയിം വന്നത്. നോർക്ക കെയറിൽ 160 ശതമാനവും നോർക്ക കെയർ പ്ലസിൽ 350 ശതമാനവും ഇൻഷ്വറൻസ് കമ്പനിക്ക് നഷ്ടം വന്നതിനാൽ ക്വട്ടേഷൻ വിളിച്ചിട്ടും ഒരു ഇൻഷ്വറൻസ് കമ്പനിയും മുന്നോട്ടുവരുന്നില്ല. ജി.എസ്.ടി.-യിൽ ഇളവ് ചെയ്തുകൊടുക്കാനാണ് ഗവൺമെന്റിന് ഇക്കാര്യത്തിൽ മാക്സിമം ചെയ്യാൻ കഴിയുന്നത്. ഇപ്പോൾ ക്വട്ടേഷൻ നൽകാൻപോലും കമ്പനികളാരും തയ്യാറായില്ല. കഴിഞ്ഞ പ്രാവശ്യം എടുത്തിരുന്ന ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ക്വട്ടേഷൻ നൽകാമെന്ന് പറഞ്ഞു, പക്ഷേ ആദ്യം 300 കോടി രൂപ സംസ്ഥാനം അവർക്ക് അഡ്വാൻസായി നൽകണമെന്ന് പറഞ്ഞു; അതെങ്ങനെ കൊടുക്കാൻ കഴിയും. 300 കോടി രൂപ എങ്ങനെയാണ് സ്റ്റേറ്റിന് ഈ ഇൻഷ്വറൻസ് സ്കീമിലേക്ക് അഡ്വാൻസായി നൽകാൻ കഴിയുന്നത്; അതിനാൽ അത് വേണ്ടെന്ന് വച്ചു. ഇപ്പോൾ നൽകിയിരിക്കുന്ന പുതിയ സ്കീമിലാണ് പ്രീമിയം വർധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. മറ്റൊരു

ഇൻഷ്വറൻസ് സ്കീമിലുമില്ലാത്ത രീതിയിൽ 18 വയസ്സുമുതൽ 110 വയസ്സുവരെയുള്ളവർക്കും ഏറ്റവും കൂടുതൽ ക്ലെയിംവരുന്ന ചില ഏജ് ഗ്രൂപ്പുകളുണ്ട്... ഈ സ്കീമിന്റെ പ്രത്യേകത എന്നുപറയുന്നത്, നിലവിൽ രോഗമുള്ളവർ ഈ ഇൻഷ്വറൻസ് സ്കീമിലുണ്ട് എന്നതാണ്. അതായത് റേഡിയേഷൻ, കീമോതെറാപ്പി തുടങ്ങിയ കാൻസർ കേസുകൾ ധാരാളം വരുമ്പോൾ, ഇൻഷ്വറൻസ് കമ്പനിക്ക് അത്തരം ക്ലെയിം നൽകാൻ കഴിയാത്തതിനാൽ ആകെയുള്ള ഓപ്ഷൻ പ്രീമിയം വർധിപ്പിക്കുക എന്നത് മാത്രമേയുള്ളൂ. പ്രീമിയം വർധിപ്പിച്ചില്ലെങ്കിൽ ഇൻഷ്വറൻസ് സ്കീം ഉണ്ടാകില്ല. ഇൻഷ്വറൻസ് കമ്പനികളില്ലാതെ എങ്ങനെയാണ് ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്നത്. പ്രായോഗികമായ യാഥാർഥ്യം ഇതായതിനാൽ പ്രീമിയം വർധിപ്പിച്ചു.

ടിക്കറ്റ് നിരക്കിന്റെകാര്യം ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെകാലത്തും ഈ ഗവൺമെന്റിന്റെകാലത്തും ടിക്കറ്റ് നിരക്കിന്റെകാര്യം ഗവൺമെന്റുകൾ നിരന്തരമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നുണ്ട്. വിമാനക്കമ്പനികളെ നിയന്ത്രിക്കണം; ടിക്കറ്റ്

നിരക്കിന് ഒരു ക്യാപ്പ് (Cap)വേണം. അത്രമാത്രം വലിയ കൊള്ളയാണ് ഇവിടെ നടക്കുന്നത്. പാർലമെന്റിൽ സംസ്ഥാനത്തിന്റെ എം.പി.-മാർ നിരന്തരമായി ആവശ്യപ്പെടുകയാണ്. കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റുമൊക്കെ അക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ദിവസം ചീഫ് സെക്രട്ടറി സ്റ്റേക്ഹോൾഡേഴ്സിന്റെ മീറ്റിങ് വിളിച്ചുകൂട്ടി വീണ്ടും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തെഴുതിയിട്ടുണ്ട്. സിവിൽ ഏവിയേഷൻ മിനിസ്റ്റർ കണ്ടപ്പോൾ ഞാൻ നേരിട്ട് സംസാരിച്ചു. ഇതൊരു വലിയ പ്രശ്നമാണെന്നും ഇത് പരിഹരിക്കണമെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ടപ്പോൾ പറഞ്ഞു. ഏറ്റവും സാധാരണക്കാരായ മനുഷ്യരാണ് പ്രവാസികൾ. അവർക്ക് ഒന്നോരണ്ടോ വർഷത്തിൽ ഒരിക്കലെങ്കിലും നാട്ടിൽ വന്നുപോകാനുള്ള ഒരു സ്ഥിതിയുണ്ടാകണം. ടിക്കറ്റ് നിരക്കിലെ വർധനവുകാരണം ഒന്നോരണ്ടോ വർഷത്തിലൊരിക്കൽ നാട്ടിൽ വരുമ്പോഴേക്കും അവരുടെ സേവിങ്സ് മുഴുവനും പോകുകയാണ്. സ്വന്തം നാട്ടിൽ നിൽക്കാതെ, ബന്ധുക്കളെ കാണാതെ വിദേശത്തുപോയി കഷ്ടപ്പെട്ട് കഠിനാധ്വാനംചെയ്ത് അതുവരെയുണ്ടാക്കിയ സേവിങ്സ് ഈ ഒറ്റ

വരവിലൂടെ നഷ്ടപ്പെടുകയാണ്. വിമാനക്കമ്പനികൾ അത്രയും ഭീമമായ നിരക്ക് ഈടാക്കുന്നതിലൂടെ കേരളത്തിലെ പ്രവാസികളെ അവർ കൊല്ലാക്കൊല ചെയ്യുകയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു. മുൻ സർക്കാർ സ്വീകരിച്ചതുപോലെ ശക്തമായ നിലപാടാണ് ഞങ്ങളും സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്ന നിലപാടുകളെ ഞങ്ങൾ പിന്തുണച്ചിട്ടുള്ളതും ഈ നിയമസഭയിൽ ചർച്ച വന്നിട്ടുള്ളതുമാണ്. ഇപ്പോൾ ഞങ്ങളും സ്വീകരിച്ചിരിക്കുന്നതും ആ നിലപാട് തന്നെയാണെന്ന കാര്യത്തിൽ യാതൊരുവിധ സംശയവുമില്ല. പ്രവാസികളുമായി ബന്ധപ്പെട്ട ഈ പ്രവാസി ക്ഷേമനിധിയിൽ....,

അങ്ങ് പറഞ്ഞ ഒരു പ്രധാനപ്പെട്ട പോയിന്റിനോട് ഞാൻ യോജിക്കുകയാണ്. അതായത് രണ്ടോ മൂന്നോ മാസം അല്ലെങ്കിൽ ഒരു മാസം പ്രീമിയം മുടങ്ങിക്കഴിഞ്ഞാൽപിന്നെ അവരെ പണമടക്കാൻ അനുവദിക്കുന്നില്ല. അത് ആക്ടിൽതന്നെയുള്ള പ്രശ്നമാണെന്നാണ് ഞാൻ അക്കാര്യം പരിശോധിച്ചപ്പോൾ മനസ്സിലായത്. അതിനാൽ

ആക്കിലാവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്. പല കാരണങ്ങൾകൊണ്ട് രണ്ടോമൂന്നോ മാസം പ്രീമിയം മുടങ്ങുന്ന ആളുകൾക്ക് ആ കുടിശ്ശിക തുക നൽകിയശേഷം വീണ്ടും അതിൽ തുടരാനുള്ള അനുമതി നൽകണമെന്നാണ് ഗവൺമെന്റിന്റെ തീരുമാനം. അത് നമുക്ക് നടപ്പാക്കാം. പക്ഷേ ചിലർ ഈ തുക അടയ്ക്കില്ല. തിരികെ വരാനുള്ള തീരുമാനമാകുമ്പോൾ അതുവരെയുള്ള കുടിശ്ശിക ഒരുമിച്ച് അടയ്ക്കുകയും തിരികെവരുമ്പോൾ ഈ ആനുകൂല്യങ്ങൾ മുഴുവൻ ലഭിക്കുകയും ചെയ്യും. അതിനാൽ അത് അനുവദിക്കില്ല. ഒരു ക്യാപ്പ് നിശ്ചയിച്ചശേഷം എത്ര മാസം പ്രീമിയം അടവ് മുടങ്ങാം.., സ്വാഭാവികമായും പല കാരണങ്ങൾകൊണ്ട്... അവിടെയുള്ള ഇൻസെക്യൂരിറ്റികൊണ്ടോ ജോലി നഷ്ടപ്പെട്ട് ഒന്നോരണ്ടോ മാസം മാറിനിൽക്കേണ്ടിവരികയോ ചെയ്താൽ ചിലപ്പോൾ ഈ തുക അടയ്ക്കാൻ കഴിയില്ല. അപ്പോൾ മാനുഷിക പരിഗണനവച്ച്, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. തീർച്ചയായും അത് പരിഹരിക്കുന്നതിനുവേണ്ടി എന്താണ് വേണ്ടതെന്ന്, നിയമഭേദഗതിയോ,

ആക്ടിലോ റൂൾസിലോ ഭേദഗതി വരുത്തിയശേഷം ഈ പ്രശ്നം പരിഹരിക്കാം. പല പ്രവാസി സംഘടനകളും അക്കാര്യത്തിൽ പരാതി നൽകിയിട്ടുണ്ട്.

ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഇതിന്റെ കുടിശ്ശിക അടയ്ക്കാൻ വേണ്ടിയുള്ള ഒരു കാമ്പയിൻ എല്ലാ പ്രവാസി സംഘടനകളും, എന്നെ കാണുന്നവരോടും ഞാൻ പറയാറുണ്ട്. അവരുംകൂടി ഒരു കാമ്പയിൻ നടത്തിയാൽ, കുറേക്കൂടി പണം ഇതിലേക്ക് വന്നാൽ ബുദ്ധിമുട്ടിമില്ലാതെ കൃത്യമായി കൊടുക്കാൻ കഴിയും. മുൻ സർക്കാരിന്റെകാലത്തെ കണക്കുകൾ ഞാൻ പറഞ്ഞിട്ടുണ്ട്. അന്ന് വരുമാനം കൂടുതലും ചെലവ് കുറവുമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന ഘട്ടത്തിലാണ് 49 കോടി രൂപ നൽകേണ്ടിവന്നത്. അതായത് ഇലക്ഷന് തൊട്ടുമുമ്പ് ഗവൺമെന്റ് നൽകിയതാണ്, അല്ലെങ്കിൽ കുടിശ്ശികയുണ്ടാകുമായിരുന്നു. പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങളുടെ എണ്ണം അഞ്ചുവർഷംകൊണ്ട് അഞ്ചിരട്ടിയിലധികം വർധിച്ചെങ്കിലും അതിനനുസരിച്ച് വരവ് ഉണ്ടാകുന്നില്ല. ഇപ്പോൾതന്നെ ആറുമാസത്തിനുള്ളിൽ 13000 പേർ വീണ്ടും

വർധിച്ചു. പക്ഷേ അതിനനുസരിച്ചുള്ള വരുമാനം അതായത് ഇതിലേക്കുള്ള കോൺട്രിബ്യൂഷൻ വരുന്നില്ല. അത് ഒന്നുകൂടി പരിശോധിച്ച് പരിഹരിക്കാനുള്ള സംവിധാനവും അതിലെന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് നികത്താനുള്ള കാര്യങ്ങളും ചെയ്യും.

ലോക കേരളസഭയ്ക്ക് പകരമായി ഒരു സംവിധാനമുണ്ടാകും. കഴിഞ്ഞ ലോക കേരളസഭയെ നയപരമായി ഞങ്ങൾ എതിർത്തതാണ്. ഞങ്ങൾ എതിർത്തിട്ടുണ്ട്; ഞങ്ങൾ സഹകരിച്ചിട്ടുമില്ല. അതിൽനിന്നും വ്യത്യസ്തമായ ഒരു സംവിധാനം ഉറപ്പായും പ്രവാസികൾക്കുവേണ്ടി കേരളത്തിലുണ്ടാകും. പ്രവാസികളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും അവരുടെ ഇൻവെസ്റ്റ്മെന്റ് കൂടുതലുണ്ടാകാനും റെമിറ്റൻസ് ഇക്കോണമി എന്നുള്ളത് ഇൻവെസ്റ്റ്മെന്റ് ഇക്കോണമിയാക്കി മാറ്റാനും അവർ മടങ്ങിവന്നുകഴിഞ്ഞാൽ ഇവിടെ നിക്ഷേപിക്കുന്ന പണം മൾട്ടിപ്ലൈ ചെയ്ത് അവരുടെ ജീവിതാവശ്യങ്ങൾക്കായി ചെലവഴിക്കാനുമുള്ള ഒരു സംവിധാനം തീർച്ചയായും സർക്കാർ ആവിഷ്കരിക്കും. അതിനാൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ചചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

Adjournment Motion

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഉപക്ഷേപവതാരകൻ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രവാസികൾ. കേരളത്തിന്റെ പച്ചപ്പിന് ഇടയാക്കുന്ന സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നതിന് വലിയ സംഭാവന നൽകുന്നവരാണ് യഥാർഥത്തിൽ പ്രവാസികൾ. ലോകമെമ്പാടും നമ്മുടെ സഹോദരങ്ങൾ എത്തിപ്പെട്ടിട്ടുണ്ട്. എഴുപത് ശതമാനത്തിലധികം പ്രവാസികളും ജി.സി.സി. രാജ്യങ്ങളിലാണ് ജോലി ചെയ്യുന്നത്. 2023-ലെ കേരള മൈഗ്രേഷൻ സർവെപ്രകാരം വിവിധ വിദേശ രാഷ്ട്രങ്ങളിലായി 22 ലക്ഷം മലയാളികളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. കേരളത്തിന്

പുറത്തുള്ള മറ്റ് സംസ്ഥാനങ്ങളിലെ സഹോദരങ്ങൾ ഇതിന് പുറമെയാണ്. യഥാർഥത്തിലുള്ള കണക്കുകൾ വരുമ്പോൾ എണ്ണത്തിൽ ഇനിയും വർധനവുണ്ടാകാനാണ് സാധ്യത. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ പ്രവാസി സമൂഹം വഹിക്കുന്ന പങ്ക് നമ്മളെല്ലാവരും ശരിയായ രീതിയിൽ വിലയിരുത്താറുള്ളതാണ്. കേരളത്തിലെ പ്രവാസി നിക്ഷേപത്തെക്കുറിച്ചുള്ള ഒരു കണക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 2025-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ ആർ.ബി.ഐ. ചൂണ്ടിക്കാണിച്ചത്, കേരളത്തിലെ പ്രവാസി നിക്ഷേപം മൂന്ന് ലക്ഷം കോടി രൂപ കടന്നിരിക്കുന്നുവെന്നാണ്. കേരളത്തിന്റെ സാമ്പത്തികരംഗത്ത് എത്രമാത്രം പ്രധാനപ്പെട്ട പങ്കാണ് പ്രവാസികൾ വഹിക്കുന്നതെന്നാണ് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്. പ്രവാസികളെ ചേർത്തുപിടിക്കാൻ നാം ബാധ്യസ്ഥരാണ്. നോർക്ക വകുപ്പ് രൂപീകരിച്ചതും വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കിയതും അതിന്റെ ഭാഗമായാണ്. നിരവധി ക്ഷേമപദ്ധതികൾ പ്രവാസികൾക്കായി നിലവിലുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിദേശത്തുനിന്നും തിരികെ വരുന്ന പ്രവാസികൾക്ക്

സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സഹായ പദ്ധതിയായ 'NORKA Department Project for Returned Emigrants (NDPREM). പ്രവാസി പെൻഷൻ പദ്ധതി, ചികിത്സാ ധനസഹായ പദ്ധതി, എന്നിവ മറ്റ് പ്രധാനപ്പെട്ട പദ്ധതികളാണ്. പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിയെത്തിയ സാമ്പത്തികവും ശാരീരികവുമായ അവശതകൾ അനുഭവിക്കുന്ന കുടുംബങ്ങൾക്കായുള്ള 'സാന്ത്വനം' പദ്ധതി, നാട്ടിൽ തിരിച്ചെത്തിയവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ തുടങ്ങിയ 'പ്രവാസി ഭദ്രത' എന്നിങ്ങനെ വിവിധ പദ്ധതികളാണ് പ്രവാസി സഹോദരങ്ങളെ സഹായിക്കാനും പിന്താങ്ങാനുമായി തയ്യാറാക്കിയിട്ടുള്ളത്.

ഈ പദ്ധതികൾക്കെല്ലാം പുറമെയാണ് 'ലോക കേരളസഭ' ആരംഭിച്ചത്. കേരളം മാത്രമാണ് ഇത്തരത്തിൽ പ്രവാസി സഹോദരങ്ങളെ കേൾക്കാൻ സന്നദ്ധമാകുന്നതെന്നാണ് നാം കാണേണ്ടത്. പ്രവാസി വിഭാഗം ഇപ്പോൾ നാടിനൊപ്പമാണുള്ളത്. അവർക്ക് അവരുടേതായ അഭിപ്രായങ്ങൾ പറയാനുള്ള വേദികൾ മുമ്പുണ്ടായിരുന്നു. അതിനാണ് ഇപ്പോൾ മാറ്റം വന്നിരിക്കുന്നത്. പ്രവാസികളുടെ

പ്രതിനിധികളും ഈ സഭയിലെ എല്ലാ അംഗങ്ങളും കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളും ഒത്തുചേരുന്ന 'ലോക കേരളസഭ' പ്രവാസികളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനുള്ള മികച്ചൊരു വേദിയായിരുന്നു. അത്തരം ഒരു വേദി ഇല്ലാതാക്കിയത് യഥാർഥത്തിൽ പ്രവാസികളോട് കാണിച്ച ഏറ്റവും വലിയ ക്രൂരതയാണ്. പകരം മറ്റൊരു വേദി ക്രമീകരിക്കുമെന്ന് പറഞ്ഞിട്ടും നടപടികളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോഴും മുഖ്യമന്ത്രി പഴയ അതേ ഉറപ്പ് തന്നെയാണ് നൽകുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ നോർക്കയുടെ ബജറ്റ് വിഹിതം 25.39 കോടി രൂപയായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അത് ക്രമാനുഗതമായി വർധിപ്പിക്കുകയും 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ 154 കോടി രൂപ വകയിരുത്തിയിരുത്തുകയും ചെയ്തിരുന്നത് 112.50 കോടി രൂപയായി ഈ ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. പ്രവാസികളോടുള്ള ഇവരുടെ മനോഭാവം എന്താണെന്ന് ഇതിലൂടെ വ്യക്തമാകുന്നതാണ്. ആ മനോഭാവം ശരിയായ ഒന്നല്ല. പ്രവാസികളെ യഥാർഥത്തിൽ അർഹിക്കുന്ന തരത്തിൽ മാനിക്കാത്തതും പിന്താങ്ങാത്തതുമായ ഒരു അവസ്ഥയിലേക്കാണ്

കാര്യങ്ങൾ എത്തിയിരിക്കുന്നത്. ലോക കേരളസഭ പിരിച്ചുവിടുന്ന ഘട്ടത്തിൽ അതുമായി ബന്ധപ്പെട്ട് ഒരു തരത്തിലുള്ള ആശയവിനിമയം പ്രവാസി സമൂഹവുമായി ഉണ്ടായിട്ടില്ല. പ്രവാസി മലയാളികളുടെ വലിയൊരു വേദിയാണ് ഇതിന്റെ ഭാഗമായി ഇല്ലാതായത്. പെൻഷനുമായി ബന്ധപ്പെട്ട കാര്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരണം നൽകുകയുണ്ടായി. ഒരു ലക്ഷത്തോളം അംഗങ്ങളാണ് പ്രവാസി ക്ഷേമ പദ്ധതിയിലൂടെ പെൻഷൻ വാങ്ങുന്നതെന്നാണ് നാം ശ്രദ്ധിക്കേണ്ട കാര്യം. 2026 ജൂലൈ മാസം വരെയാണ് പെൻഷൻ വിതരണം ചെയ്തിട്ടുള്ളത്. കഴിഞ്ഞ മൂന്ന് മാസത്തെ പെൻഷൻ ഇപ്പോൾ കുടിശ്ശികയാണ്. യഥാർഥത്തിൽ പ്രവാസി വിഭാഗത്തിലെ ഭൂരിഭാഗം ആളുകളും ഈ പെൻഷനെ വലിയതോതിൽ ആശ്രയിക്കുന്നവരാണ്. പെൻഷൻ ലഭിക്കാതാകുന്നത് അവരുടെ ജീവിതത്തിന്റെ താളം തെറ്റാൻ ഇടയാക്കുന്നുണ്ട്. അത് ഗൗരവമായി കാണേണ്ട കാര്യമാണ്. ഇപ്പോഴത്തെ ആഗോള യുദ്ധസാഹചര്യങ്ങളും അത് സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികളും കാരണം ക്ഷേമ പദ്ധതിയിലേക്കുള്ള പ്രതിമാസ അടവ്

മുടങ്ങിയാൽ അവരെ ക്ഷേമ പദ്ധതിയിൽനിന്നും പുറത്താക്കുന്ന അവസ്ഥയെക്കുറിച്ച് ഇവിടെ ഉന്നയിക്കപ്പെടുകയുണ്ടായി. മുഖ്യമന്ത്രി അതിന് പോസിറ്റീവായ മറുപടിയാണ് നൽകിയത്. അംഗത്വം പുതുക്കുന്നതിനുള്ള പ്രത്യേക നടപടികൾ സ്വീകരിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആ ഉറപ്പ് കൃത്യമായി നടപ്പാക്കാൻ സർക്കാർ തയ്യാറാകേണ്ടതുണ്ട്. അതോടൊപ്പം ഉയർന്നുവന്ന മറ്റൊരു ഗൗരവമായ പ്രശ്നമാണ് പ്രവാസി ഇൻഷ്വറൻസ് പ്രീമിയത്തിൽ വന്ന വർധനവ്. ഇൻഷ്വറൻസ് മേഖലയിലുള്ള നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ വലിയ വർധനവാണ് വന്നതെന്ന് നാം കാണണം. നോർക്ക കെയർ ഇൻഷ്വറൻസിൽ 132034 പ്രവാസി കുടുംബങ്ങളാണ് അംഗങ്ങളായിട്ടുള്ളത്. അഞ്ചുലക്ഷത്തിലധികം കുടുംബാംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയാണ്. നോർക്ക കെയർ പ്ലസിൽ 95580 കുടുംബങ്ങളാണ് അംഗങ്ങളായുള്ളത്. എല്ലാംകൂടി 227614 പ്രവാസി കുടുംബങ്ങളാണ് ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നവരായിട്ടുള്ളത്. നോർക്ക കെയർ പദ്ധതിപ്രകാരം നൽകുന്ന അഞ്ച് ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയുടെ പ്രീമിയം 13,411

രൂപയിൽനിന്നും 21,964 രൂപയായി ഉയർത്തിയിരിക്കുന്നത് പ്രവാസികളോട് കാണിക്കുന്ന ക്രൂരതയാണ്. ഓരോ ഏജ് കാറ്റഗറിയിലുള്ളവരുടെ പ്രീമിയത്തിലും ഇത്തരത്തിൽ വലിയ വർധനവുണ്ടായിട്ടുണ്ട്. ഈ വർധനവ് പ്രവാസികൾക്ക് താങ്ങാനാവാത്തതാണ്. ഇത് പൊതുവിപണയിലുള്ള നിരക്കിനേക്കാൾ കൂടുതലാണെന്നതാണ് ഗൗരവമായി പരിഗണിക്കേണ്ട കാര്യം. പൊതുമാർക്കറ്റിൽ ഇതിനേക്കാൾ കുറഞ്ഞ നിരക്കിൽ പല ഇൻഷ്വറൻസ് കമ്പനികളും ഇൻഷ്വറൻസ് പരിരക്ഷ ഓഫർ ചെയ്യുന്നുണ്ടെന്നതും നാം കാണേണ്ടതാണ്. പ്രവാസികൾ ഒരുതരം കൊള്ളയ്ക്ക് വിധേയരാവുകയാണ്. ടിക്കറ്റ് നിരക്കിന്റെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ വ്യത്യസ്ത അഭിപ്രായമില്ല. ആ ടിക്കറ്റ് നിരക്ക് യഥാർഥത്തിൽ പ്രവാസികളെ കൊള്ളയടിക്കുന്നതാണ്. ലീവിന്റെയോ ഉത്സവ സീസണുകളുടെയോ ഭാഗമായി പ്രവാസികൾ കൂട്ടത്തോടെ നാട്ടിലേക്ക് വരുന്ന ഘട്ടങ്ങളിൽ ടിക്കറ്റ് നിരക്ക് അഞ്ചിരട്ടിയിലധികമാണ് വർധിപ്പിക്കുന്നത്. ഒരുതരത്തിലും താങ്ങാനാവാത്ത ടിക്കറ്റ് നിരക്കാണ്

ഈടാക്കുന്നത്, ഈ നടപടി ന്യായീകരിക്കാനാകില്ല. ഇത്തരം കൊള്ളയ്ക്ക് വിധേയരാകേണ്ട വിഭാഗമാണോ പ്രവാസികൾ? നമ്മുടെ നാടിന്റെയും രാജ്യത്തിന്റെയും വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്നവരാണ് പ്രവാസികൾ. അത്തരമൊരു പരിഗണന കേന്ദ്ര ഗവൺമെന്റ് അവർക്ക് നൽകുന്നില്ല, സംസ്ഥാനത്തിനും നൽകാനാവുന്നില്ല എന്നതാണ് യാഥാർഥ്യം. ചികിത്സാ ധനസഹായം, ഇൻഷ്വറൻസ്, പെൻഷൻ എന്നിങ്ങനെ പല ആവശ്യങ്ങൾക്കുമുള്ള അപേക്ഷകളും പ്രോസ്സസ് ചെയ്യാതെ നോർക്ക ഓഫീസിൽ കെട്ടിക്കിടക്കുന്നുവെന്നാണ് അറിയാൻ സാധിച്ചത്. നാട്ടിലേക്ക് തിരിച്ചുവരുന്ന പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കാനുള്ള പദ്ധതിയും സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. പ്രവാസികളെ പട്ടിണിക്കിടുന്ന തരത്തിലുള്ള ഒരുതരം ക്രൂരതയാണ് ഇക്കാര്യങ്ങളിലെല്ലാം നടന്നിട്ടുള്ളത്. ഇത് പൂർണ്ണമായി അവസാനിപ്പിക്കാനാവണം. പ്രവാസികൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം വർധിപ്പിച്ചത് പിൻവലിക്കാൻ തയ്യാറാകണം. അതിനൊന്നും തയ്യാറാകാത്ത നിലപാട് സ്വീകരിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട്

നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. രാജൻ: സർ, വളരെ ഗൗരവമായ വിഷയമാണ് ഇന്ന് സഭയുടെ മുമ്പാകെ ശ്രദ്ധയിൽപ്പെടുത്താൻ ഞങ്ങൾ തീരുമാനിച്ചത്. 'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്' എന്ന് അഭിമാനത്തോടെ പറയാൻ സാധിക്കുന്ന ഇന്ത്യക്ക് പുറത്തുള്ള 22 ലക്ഷം മലയാളികൾ, ഇവിടെ നമുക്ക് ഇതുപോലെ ജീവിക്കാനുമുള്ള സൗകര്യങ്ങൾക്കുവേണ്ടി അത്യധ്വാനം ചെയ്തവരാണെന്ന് ഈ സഭ മറക്കാൻ പാടില്ല. ഇപ്പോൾ ഐ.ടി. വ്യവസായത്തെക്കുറിച്ചും മറ്റ് വ്യാവസായിക ഇടപെടലുകളെക്കുറിച്ചും നിക്ഷേപത്തെക്കുറിച്ചുമെല്ലാം നാം വാദിക്കുമ്പോൾ, ഇതിനൊന്നും ഒരു നിവൃത്തിയുമില്ലാതെ കേവലം പരമ്പരാഗത വ്യവസായങ്ങളിൽനിന്നും കൃഷിയിൽനിന്നും പണം സമ്പാദിക്കേണ്ടിവന്നൊരു കേരളത്തെ, പ്രത്യേകിച്ച് കേരളത്തിന്റെ തീരദേശ

മേഖലയിലുള്ള ഗ്രാമങ്ങളെ ഇക്കാണുന്ന പച്ചപ്പിലേക്ക് കൊണ്ടുവരുന്നതിൽ ഏറ്റവും നിർണ്ണായകമായ പങ്കുവഹിച്ചവർ പ്രവാസികളാണെന്നത് നാം അറിയേണ്ടതും ഓർത്തിരിക്കേണ്ടതുമായ കാര്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ, നോർക്കയുടെ ബജറ്റ് വിഹിതം 2016-ൽ 25.39 കോടി രൂപയായിരുന്നത് 2025-26-ൽ 150 കോടി രൂപയിലേക്ക് വർധിപ്പിച്ചത് പ്രവാസികളോടുള്ള നമ്മുടെ വിധേയത്വത്തിന്റെയും ആത്മബന്ധത്തിന്റെയും തെളിവാണ്. പ്രവാസികൾ ഇന്ന് വലിയ ആശങ്കയിലാണ്. അവർക്ക് ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ മൂന്നുമാസക്കാലമായി കുടിശ്ശികയായിരിക്കുന്നത് ഒരു കാരണവശാലും അംഗീകരിക്കാനാകാത്തതും ഗുരുതരവുമായ പ്രശ്നമാണ്. മറ്റ് ക്ഷേമനിധി ബോർഡുകൾ പെൻഷൻ നൽകുന്നില്ല എന്നതല്ല അതിനുള്ള മറുപടി. പ്രവാസി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത കേരളത്തിലെ പ്രവാസികൾക്ക് പെൻഷൻ നൽകണം. ലാഭനഷ്ടക്കണക്കുകളുടെ ഹരണ-ഗുണന പട്ടിക കൂട്ടിവച്ച് കാണേണ്ടവരല്ല കേരളത്തിലെ പ്രവാസികൾ. അവർ കേരളത്തിനുവേണ്ടി നടത്തിയ അത്യധ്വാനത്തിന്റെ ഭാഗമായി നാം

കൊടുക്കുന്ന ആദരവാണ് ആ പെൻഷൻ. ആ പെൻഷൻ തുക ഈ ലഭ്യമാകാതിരിക്കുന്നതുകാരണം അവർക്കിടയിലുണ്ടായിട്ടുള്ള ആശങ്കകൾ ചെറുതല്ല. ഇൻഷ്വറൻസിന്റെ കാര്യം സൂചിപ്പിച്ചാൽ, പ്രവാസികൾക്കും അവരുടെ കുടുംബത്തിനും ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള ഇൻഷ്വറൻസ് പ്രീമിയം 13,411 രൂപയുണ്ടായിരുന്നത് 21,964 രൂപയായാണ് വർധിപ്പിച്ചത്. അതൊരു ചെറിയ വർധനവ് അല്ല. 51-60 വയസ്സുവരെയുള്ള വിഭാഗത്തിന് 35,664 രൂപയും 61-70 വയസ്സുവരെയുള്ള വിഭാഗത്തിന് 44,718 രൂപയും 71-80 വയസ്സുവരെയുള്ള വിഭാഗത്തിന് 77,773 രൂപയുമാണ് പ്രീമിയം. 13,411 രൂപയിൽനിന്നാണ് 75,773 രൂപ വരെയുള്ള സംഖ്യകളിലേക്ക് ഇൻഷ്വറൻസ് പ്രീമിയം വർധിപ്പിച്ചിരിക്കുന്നത്. അതിനാൽ ആ കമ്പനികളുമായി ഒരു നെഗോസിയേഷൻ നടത്തി ടി തുക കുറയ്ക്കാൻ നിർബന്ധമായും ഇടപെടലുണ്ടാകണം.

ലോക കേരള സഭയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ലോക കേരള സഭയോട് നിരവധി അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. കേരളത്തിലെ പ്രതിപക്ഷം തുടർച്ചയായി എട്ടുവർഷക്കാലം ലോക കേരള

സഭ ബഹിഷ്കരിച്ചപ്പോഴും KMCC ഉൾപ്പെടെ രാഷ്ട്രീയ ബന്ധമുള്ള സംഘടനകൾ ഇവിടെ വരികയും LKS അംഗങ്ങളാകാൻ വേണ്ടി അത്യധ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2018-ൽ 35 രാജ്യങ്ങളിൽനിന്നാണ് പ്രതിനിധികൾ വന്നതെങ്കിൽ അവസാനത്തെ സമ്മേളനത്തിൽ 125 രാജ്യങ്ങളിൽനിന്നും 28 ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നുമുള്ള പ്രതിനിധികളുടെ പങ്കാളിത്തംകൊണ്ട് സമ്മേളനം സമ്പന്നമായി. നാം 140 പേർ അടങ്ങുന്ന സഭ മാത്രമല്ല കേരളത്തിന്റെ വിധി നിർണ്ണയിക്കുന്നത്. ലോകത്തിന്റെ വിവിധ മൂലകളിൽ നാം ഇതുവരെ കണ്ടിട്ടില്ലാത്ത ജനവിഭാഗങ്ങളിൽ മലയാളികളായവരോട് ഐക്യപ്പെട്ട് അവരെക്കൂടി ചേർത്തിരുത്തി അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതാണ് ലോക കേരള സഭ എന്ന് പറയാൻ സാധിക്കുന്ന വിധത്തിലുള്ള അനുഭവമാണ് നമുക്കുണ്ടായത്. ഈ അടുത്തകാലത്ത് എന്റെ നാട്ടിലെ ചെമ്മൂത്രയിലും മാരായ്ക്കലുമുള്ള പ്രദേശത്തുള്ള രണ്ട് പെൺകുട്ടികൾ യു.കെ.-യിലും അമേരിക്കയിലും വച്ച് മരണപ്പെട്ട സംഭവമുണ്ടായി. അതിലൊരു കുട്ടി മരണപ്പെട്ടത് അങ്ങയുടെ നാട്ടിലെ ഒരു കുട്ടി ഉൾപ്പെടെ മൂന്നുപേർ

കുത്തിക്കൊല ചെയ്യപ്പെട്ട സംഭവത്തിലാണ്. അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. അങ്ങും അവിടെ സന്ദർശനം നടത്തിയാണ്. മൂന്നോ നാലോ ആഴ്ചകൾക്കുശേഷമാണ് അവരുടെ മൃതശരീരം നാട്ടിലെത്തിയത്. അവിടത്തെ എംബസിയുമായി ബന്ധപ്പെട്ടിട്ടുപോലും ലഭിക്കാത്ത വിവരങ്ങൾ എൽ.കെ.എസ്. അംഗങ്ങളായ അവിടുത്തെ ഡോക്ടർമാർ മുഖാന്തരമാണ് നമുക്ക് ലഭ്യമാക്കിയത്. അവർ എൽ.കെ.എസ്.-ൽ അംഗങ്ങളായതിനാൽ അവിടെ പോകുകയും അവിടത്തെ വിവരങ്ങൾ കൃത്യമായി നമുക്ക് ലഭ്യമാക്കുകയുമാണ് ചെയ്തത്. പെൻഷൻ മുടങ്ങുന്നതും ഇൻഷ്വറൻസ് പ്രീമിയം തുക കുത്തനെ കൂടുന്നതും മിഡിൽ ഈസ്റ്റിലെ യുദ്ധാന്തരീക്ഷം കാരണം ലക്ഷക്കണക്കിന് മലയാളികളുടെ ജീവനും ജോലിക്കും ഭീഷണിയാകുന്നതും ലോക കേരള സഭയിൽ സംസാരിക്കാൻ സാധിക്കാത്തതും ലോകത്തിന്റെ വിവിധ മേഖലകളിലുള്ള മലയാളി പ്രവാസികളെ ആശങ്കാകുലരാക്കുന്നു. ഇന്ത്യക്ക് പുറത്തുള്ളവർ മാത്രമല്ല, ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾ ഉൾപ്പടെയുള്ളവർ ഇൻഷ്വറൻസ് പ്രീമിയം കുറയ്ക്കണമെന്നുപറഞ്ഞ് സമീപിക്കുകയാണ്. ധാരാളം അപേക്ഷകൾ

അങ്ങേയ്ക്കും സർക്കാരിനുമെല്ലാം വന്നിട്ടുണ്ടാകും. ഞങ്ങൾക്കും വരികയാണ്. സാമ്പത്തിക പ്രശ്നം പറഞ്ഞുകൊണ്ട് ഈ വിഭാഗത്തെ അവഗണിക്കുന്ന നടപടി ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. ക്ഷേമനിധി ബോർഡ് കഴിഞ്ഞ 5 മാസമായി പുനഃസംഘടിപ്പിച്ചിട്ടില്ല. അതിന് പണത്തിന്റെ ആവശ്യമുണ്ടോ? ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കപ്പെടാത്തതിന്റെ ഭാഗമായി നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. നാഥനില്ലാത്ത കളരിയായി പ്രവാസി ക്ഷേമനിധി ബോർഡ് മാറുകയാണ്. ആളുകൾക്ക് ഇക്കാര്യത്തിൽ ആശങ്കയുണ്ടാകില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, പ്രവാസികൾ അതിബുദ്ധിമാന്മാരായതുകൊണ്ട് ക്ഷേമനിധി വിഹിതം അടയ്ക്കാത്തതല്ല. പലർക്കും അവരുടെ ജീവിത പ്രയാസങ്ങളാൽ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള നിവൃത്തിയില്ലായ്മകൊണ്ട് ചിലപ്പോൾ അടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. അത്തരം പ്രശ്നമുണ്ടെങ്കിൽ അവരെ ബോധവൽക്കരിക്കുന്നതിന് പകരം ഇത്തരം നിലപാട് സ്വീകരിക്കരുതെന്ന അഭ്യർഥനയാണ് എനിക്കുള്ളത്. പ്രവാസികൾക്ക് നമ്മുടെ സമൂഹത്തിൽ

നൽകേണ്ട ആവശ്യമായ ഗൗരവം നൽകാത്ത, ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട കക്ഷികളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. പ്രവീൺ: സർ, പ്രവാസികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ മുടങ്ങിയതും ഇൻഷ്വറൻസ് തുക വർധിപ്പിച്ചതും ലോക കേരള സഭ പിരിച്ചുവിട്ടതുമായ വിഷയങ്ങളിന്മേലുള്ള ഗൗരവപൂർവമായ ചർച്ചയ്ക്ക് വേണ്ടിയാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നത്. ഇന്ത്യാ രാജ്യത്തുനിന്നും ഏറ്റവും കൂടുതൽ പേർ പ്രവാസികളായി പോകുന്നത് ചിലപ്പോൾ കേരളത്തിൽനിന്നായിരിക്കും. ഗത്യന്തരമില്ലാതെയാണ് പലരും പ്രവാസ ലോകത്തിലേക്ക് എത്തിപ്പെടുന്നത്. സാധാരണ തൊഴിലാളികൾ തന്റെ കുടുംബത്തിലെ വിദ്യാർഥികളുടെ പഠനത്തിനും കുടുംബത്തെ സംരക്ഷിക്കാനും വേണ്ടിയാണ് പോകുന്നത്. പലരും ലേബർ ക്യാമ്പിൽ താമസിച്ചും സൂപ്പർ മാർക്കറ്റിൽ

ജോലി ചെയ്യും ജോലി സമയംപോലും ക്ലിപ്തമല്ലാത്ത രീതിയിലാണ് മുന്നോട്ടുപോകുന്നത്. 2025-ലെ റിസർവ് ബാങ്കിന്റെ കണക്കുപ്രകാരം കേരളത്തിലെ പ്രവാസി നിക്ഷേപം ഏകദേശം മൂന്നരലക്ഷം കോടി രൂപയാണ്. വർഷങ്ങളോളം അവിടെ ജോലി ചെയ്യുന്ന ഇവരിൽ പലരും ഹൃദ്രോഗം, വൃക്കരോഗം, കാൻസർ തുടങ്ങിയവ ബാധിച്ച് രോഗികളായി മാറുന്നു. ഇവർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാകുമ്പോൾ അവരുടെ അവസ്ഥയെന്തായിരിക്കും? നിലവിൽ പശ്ചിമേഷ്യൻ യുദ്ധം നടക്കുന്നതിനാൽ പ്രവാസികൾക്ക് തിരിച്ചുപോകാൻപോലും സാധിക്കാത്ത അവസ്ഥയാണ്. ടിക്കറ്റിന്റെ അമിതമായ നിരക്കിനെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രവാസ ലോകത്തെക്കുറിച്ചും അവരുടെ ജീവിത നിലവാരത്തെക്കുറിച്ചും അറിവുള്ളവരാണ് നമ്മൾ. അവരെ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം ഭരണകർത്താക്കൾക്കുണ്ട്. പ്രവാസി സംഘടനയായ കെ.എം.സി.സി. പോലെയുള്ള സംഘടനയുടെ നേതാക്കളും ലോക കേരള സഭയിൽ അംഗങ്ങളാണ്. അവർക്ക് പ്രവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് അറിയാൻ സാധിക്കും.

അതുകൊണ്ട് ഈ വിഷയത്തിൽ ശരിയായ നടപടി സ്വീകരിച്ച് മുമ്പോട്ടുപോകേണ്ടതാണ്. ഈ ആവശ്യം ഉന്നയിച്ച് അവതരിപ്പിച്ച ഉപക്ഷേപം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭവിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ തിരികെ ഹാജരായി.)